# കന്നി ക്രൊയേഷ്യൻ ഫൈനൽ

■ ഇംഗ്ലണ്ടിനെ 2-1ന് കീഴടക്കി ക്രൊയേഷ്യ ഫൈനലിൽ, ഫ്രാൻസ് - ക്രൊയേഷ്യ ഫൈനൽ ഞായറാഴ്ച

■ നിശ്ചിത സമയത്ത് 1-1ന് സമനില, അധിക സമയത്ത് വിജയഗോൾ നേടിയത് മരിയോ മൻസൂക്കിച്ച്

മോസ്കോ: ആവേശം വിരിഞ്ഞുനിന്ന രണ്ടാം സെമിഫൈനലിൽ ഇംഗ്ലണ്ടിന്റെ സ്വപ്നങ്ങൾ തച്ചുടച്ച് ക്രൊയേഷ്യ തങ്ങളുടെ ആദ്യ ലോകകപ്പ് ഫൈനലിന് ടിക്കറ്റെടുത്തു. ഇന്നലെ നടന്ന മത്സരത്തിൽ ഒന്നിനെതിരെ രണ്ട് ഗോളുകൾക്കാണ് ക്രൊയേഷ്യ വിജയം നേടിയത്. നിശ്ചിത സമയത്ത് 1-1ന് സമനിലയിലായതിനെ തുടർന്ന് അധികസമയത്തേക്ക് നീണ്ട മത്സരത്തിൽ 109-ാം മിനിട്ടിൽ മരിയോ മൻസൂക്കിച്ചാണ് ക്രൊയേഷ്യയുടെ വിജയഗോൾ നേടിയത്.

അഞ്ചാം മിനിട്ടിൽ കീരൺ ട്രിപ്പിയറിലൂടെ ഇംഗ്ലണ്ടാണ് ആദ്യം സ്കോർ ചെയ്തിരുന്നത്. 68-ാം മിനിട്ടിൽ ഇവാൻ പെരിസിച്ച് സമനില പിടിച്ചു. അധികസമയത്തിന്റെ രണ്ടാം പകുതിയിലാണ് മൻസൂക്കിച്ച് വിജയഗോൾ നേടിയത്. ഞായറാഴ്ച നടക്കുന്ന ഫൈനലിൽ ക്രൊയേഷ്യ ഫ്രാൻസിനെ നേരിടും.

മത്സരത്തിന്റെ തുടക്കത്തിൽ തന്നെ ക്രൊയേഷ്യൻ വലകുലുക്കാൻ ഇംഗ്ലണ്ടിന് കഴിഞ്ഞു. പന്തുമായി ബോക്സിലേക്ക് കയറാനൊരുങ്ങിയ ഡെലി അല്ലിയെ ലൂക്കാമൊഡ്രിച്ച് ഫൗൾ ചെയ്തതിന് റഫറി അനുവദിച്ച ഫ്രീകിക്കാണ് ഗോളിലേക്ക് വഴിതുറന്നത്. കിക്കെടുത്ത കീരൺ ട്രിപ്പിയർ 20 വാര അകലെനിന്ന് മനോഹരമായി പ്രതിരോധമതിലിന് മുകളിലൂടെ വളച്ചുയർത്തി വലയിലെത്തിക്കുകയായിരുന്നു. ക്രൊയേഷ്യൻ ഗോളി സുബാസിച്ചിന് എത്തിപ്പിടിക്കാനാകും മുമ്പ് പന്ത് വല ചലിപ്പിച്ചിരുന്നു.

ഒരു ഗോൾ വഴങ്ങിയതോടെ ഉണർന്നെണീക്കാൻ ക്രൊയേഷ്യ ശ്രമിച്ചുവെങ്കിലും ആദ്യപകുതിയിൽ സ്കോർ ലൈനിൽ മാറ്റമുണ്ടായില്ല. 15ാം മിനിട്ടിൽ ട്രിപ്പിയറിന്റെ ഹൈബാൾ ക്രോസിന് മഗ്വെയർ തലവച്ചെങ്കിലും പോസ്റ്റിന് പുറത്തേക്ക് പോവുകയായിരുന്നു.

19-ാം മിനിട്ടിലാണ് ക്രൊയേഷ്യയുടെ ഭാഗത്തുനിന്ന് കൊള്ളാവുന്നൊരു മുന്നേറ്റമുണ്ടായത്. വലതു ഫ്ലാങ്കിലൂടെ മുന്നേറിയ പെരിസിച്ച് ബോക്സിലേക്ക് കടന്നുകയറി ഷോട്ടുതിർക്കാൻ ശ്രമിച്ചെങ്കിലും പുറത്തേക്ക് പാഞ്ഞു. തൊട്ടുപിന്നാലെ ആന്ദ്രേ റെബിച്ചിന്റെ ഒരു ശ്രമം സ്റ്റോൺസ് തടുത്തിട്ടു.

22-ാം മിനിട്ടിൽ ക്രൊയേഷ്യൻ വല ഒന്നുകൂടി കുലുങ്ങിയെങ്കിലും ഹാരികേൻ ഓഫ്സൈഡ് പൊസിഷനിലായിരുന്നു. തൊട്ടുത്ത മിനിട്ടിൽ പെരിസിച്ച് ഇംഗ്ലീഷ് വലയ്ക്ക് പുറത്തേക്കൊരു ഷോട്ട് പായിച്ചു. 29-ാം മിനിട്ടിൽ ഇംഗ്ലീഷ് ക്യാപ്ടൻ ഹാരികേനിന്റെ ഒരു ശ്രമം സുബാസിച്ച് സേവ് ചെയ്തു. 31-ാം മിനിട്ടിൽ അതിന് പകരമെന്നോണം റെബിച്ചിന്റെ ശ്രമം ഇംഗ്ലണ്ട് ഗോളി പിക്ക്ഫോർഡും സേവ് ചെയ്തു. ആദ്യപകുതി അവസാനിക്കുന്നതുവരെ ഇരു ടീമുകളും ആക്രമണങ്ങൾക്ക് ശ്രമിച്ചെങ്കിലും വലതുളയ്ക്കാനുള്ള മൂർച്ചയുണ്ടായിരുന്നില്ല.

രണ്ടാം പകുതിയിൽ ക്രൊയേഷ്യയുടെ കിടിലൻ പരിശ്രമങ്ങൾ കണ്ടു. പലതവണ ആന്ദ്രേ റെബിച്ചും മരിയോ മൻസൂക്കിച്ചും ഇംഗ്ലീഷ് ബോക്സിനുള്ളിൽ പന്തുമായെത്തിയെങ്കിലും പ്രതിരോധം ഉണർന്നു കളിച്ചതിനാൽ തലനാരിഴയ്ക്ക് ഇംഗ്ലണ്ട് രക്ഷപ്പെട്ടുകൊണ്ടിരുന്നു. 64ാം മിനിട്ടിൽ പെരിസിച്ചിന്റെ ഒരു ഹെഡർ കൈൽ വാക്കർ ഗോൾ ലൈനിൽവച്ച് തട്ടുത്തുകളഞ്ഞു.

ഇതിന് പിന്നാലെ ക്രൊയേഷ്യ കൊതിച്ചിരുന്ന സമനിലഗോളും പിറന്നു. ബോക്സിനുള്ളിൽനിന്ന് വ്രസാൽകോ വളച്ചുയർത്തി നൽകിയ ഒരു ക്രോസ് ഡിഫൻഡറുടെ തലയ്ക്ക് മുകളിലൂടെ കാലുയർത്തി വലയിലേക്ക് കുത്തിയിടുകയായിരുന്നു ഇവാൻ പെരിസിച്ച്. അതിന് പിന്നാലെയും പെരിസിച്ച് പലതവണ ഇംഗ്ലീഷ് ബോക്സിനുള്ളിൽ ഭീതിവിതച്ചു. എങ്ങനെയും വിജയിക്കാനുറച്ചായിരുന്നു ക്രൊയേഷ്യൻ നീക്കങ്ങൾ.


ഇവാൻ പെരിസിച്ച് ഇംഗ്ലണ്ടിനെതിരെ ക്രൊയേഷ്യയുടെ ആദ്യ ഗോൾ നേടുന്നു

■ ഇംഗ്ലണ്ടിന്റെ കുപ്പായത്തിൽ 12-ാം മത്സരത്തിനിറങ്ങിയ ട്രിപ്പിയറിന്റെ ആദ്യ അന്താരാഷ്ട്ര ഗോളായിരുന്നു ഇത്.

■ 2006ൽ ഇക്വഡോറിനെതിരെ ഡേവിഡ് ബെക്കാമിന് ശേഷം ലോകകപ്പിൽ ഡയറക്ട് ഫ്രീക്കിക്കിൽനിന്ന് ഒരു ഇംഗ്ലീഷ് താരം നേടുന്ന ഗോളായിരുന്നു ട്രിപ്പിയറിന്റേത്.

## ഇംഗ്ലണ്ടിന് സെറ്റ് പീസ് റെക്കാഡ്

- സെറ്റ് പീസുകളിൽനിന്ന് ഇംഗ്ലണ്ട് ഈ ലോകകപ്പിൽ നേടുന്ന ഒൻപതാമത്തെ ഗോളായിരുന്നു ട്രിപ്പിയറിന്റേത്.
- ഒരു ലോകകപ്പിൽ സെറ്റ് പീസുകളിലൂടെ ഏറ്റവും കൂടുതൽ ഗോളുകൾ നേടുന്ന ടീമെന്ന റെക്കാഡ് ഇംഗ്ലണ്ട് സ്വന്തമാക്കി.
- 1966 ലോകകപ്പിൽ എട്ട് സെറ്റ് പീസ് ഗോളുകൾ ഇംഗ്ലണ്ടും പോർച്ചുഗലും നേടിയിരുന്നു.
- ട്രിപ്പിയറിന്റെ ഗോളോടെ ഈ ലോകകപ്പിൽ ഇംഗ്ലണ്ടിന്റെ ഗോളുകളുടെ എണ്ണം 12 ആയി ഉയർന്നു.
- ഇംഗ്ലണ്ടിന്റെ ടോപ് സ്കോററായ(6) ഹാരികേൻ മൂന്നെണ്ണം സ്പോട്ട് കിക്കുകളിൽ നിന്നും രണ്ടെണ്ണം കോർണർ കിക്കുകളിൽനിന്നുമാണ് നേടിയത്.


ഫ്രാൻസ് കോച്ചും മുൻ സഹതാരവുമായ ദിദിയർ ദെഷാംപ്സിനെ മത്സരശേഷം ആശ്ലേഷിക്കുന്ന ബെൽജിയം സഹപരിശീലകൻ തിയറി ഹെൻറി.

### ആശ്വസിപ്പിച്ചും അഭിനന്ദിച്ചും ഹെൻറി

സെന്റ്പീറ്റേഴ്സ്ബർഗ്: ലോകകപ്പ് സെമി ഫൈനലിൽ സ്വന്തം രാജ്യം ജയിച്ചതിന്റെ സന്തോഷവും താൻ പരിശീലിപ്പിച്ച ടീം പരാജയപ്പെട്ടതിന്റെ സങ്കടവും ഒന്നിച്ചനുഭവിച്ച് മുൻ ഫ്രഞ്ച് താരം തിയറി ഹെൻറി. സെമി ഫൈനലിന് മുമ്പ് ഫ്രാൻസ് ഏറെ വിഷമിച്ചത് ബെൽജിയം ക്യാമ്പിൽ അസിസ്റ്റന്റ് കോച്ചായ ഹെൻറിയുടെ സാന്നിദ്ധ്യമാണ്. ഇപ്പോഴത്തെ ഫ്രഞ്ച് കോച്ച് ദെഷാംപ്സിനൊപ്പം 98ൽ കിരീടം നേടിയ ഫ്രഞ്ച് ടീമിൽ അംഗമായിരുന്നു ഹെൻറി. പ്രൊഫഷണൽ കിരിയർ അവസാനിപ്പിച്ചശേഷമാണ് ഹെൻറി സഹപരിശീലകനായി മാറിയത്.

മത്സരശേഷം ബെൽജിയം താരങ്ങളെ ആശ്വസിപ്പിക്കാനെത്തിയ ഹെൻറി ഫ്രഞ്ച് ടീമിനെ അനുമോദിച്ച ശേഷമാണ് മടങ്ങിയത്.

### വിജയം തായ്‌ലൻഡിലെ പോരാളികൾക്ക് സമർപ്പിച്ച് പോഗ്ബ

സെന്റ്പീറ്റേഴ്സ്ബർഗ്: ലോകകപ്പ് സെമി ഫൈനലിൽ ബെൽജിയത്തിനെതിരെ നേടിയ വിജയം തായലൻഡിലെ ഗുഹയിൽ നിന്ന് രക്ഷപ്പെട്ട ഫുട്ബാൾ താരങ്ങൾക്കും കോച്ചിനുമായി സമർപ്പിക്കുകയാണെന്ന് ഫ്രഞ്ച് താരം പോൾ പോഗ്ബ പറഞ്ഞു. ദിവസങ്ങൾ നീണ്ട രക്ഷാപ്രവർത്തനത്തിന് ശേഷം ഗുഹയ്ക്ക് പുറത്തെത്തിയ കുട്ടികളാണ് യഥാർത്ഥ ഹീറോകളെന്നും പോഗ്ബ പറഞ്ഞു.

ഗുഹയിൽ നിന്ന് രക്ഷപ്പെട്ട ആരോഗ്യ സ്ഥിതി അനുകൂലമാണെങ്കിൽ ലോകകപ്പ് ഫൈനലിന് വിശിഷ്ടാതിഥികളായി എത്തിക്കുമെന്ന് ഫിഫ അറിയിച്ചിട്ടുണ്ട്.

# ബെൽ'ജയ'ത്തിന് ബ്രേക്ക്

■ ബെൽജിയത്തെ സെമിയിൽ 1-0ത്തിന് കീഴടക്കി ഫ്രാൻസ് ലോകകപ്പ് ഫൈനലിൽ

■ ഫ്രാൻസ് ലോകകപ്പ് ഫൈനലിലെത്തുന്നത് 12 വർഷത്തിന് ശേഷം

സെന്റ്പീറ്റേഴ്സ് ബർഗ്: തോൽവിയറിയാതെ സെമി ഫൈനൽ വരെ കുതിച്ചുപാഞ്ഞ ബെൽജിയത്തിന്റെ യാഗാശ്വത്തിന് ബ്രേക്കിട്ട് ഫ്രാൻസ്. കഴിഞ്ഞ 20 വർഷത്തിനിടെ മൂന്ന് ലോകകപ്പ് ഫൈനലുകൾ കാണുന്ന ആദ്യ ടീമെന്ന ഖ്യാതിയുമായി 1998ൽ കിരീടമേറ്റു മടങ്ങിയ ക്യാപ്ടൻ ദിദിയർ ദെഷാംപ്സിന്റെ ശിഷ്യർ.

ലോക കപ്പിന്റെ ആദ്യ സെമി ഫൈനൽ കരുത്തൻമാരുടെ വീറ്റുറ്റ പോരാട്ടം തന്നെയായിരുന്നു. ഒന്നിനൊന്നു മികച്ചു നിന്ന പോരാളികൾ. ഇരു ഗോൾ മുഖങ്ങളും നിരന്തരം സന്ദർശിച്ചു മടങ്ങിയ പന്ത്. ഇഞ്ചോടിഞ്ച് പോരാട്ടത്തിനിടയിൽ സാമുവൽ ഉമിറ്റിറ്റി എന്ന ഡിഫൻഡറുടെ തലയിൽ നിന്ന് ത്രൂപം കൊണ്ട വിസ്മയ ഗോൾ. ഗോൾ വഴങ്ങിയിട്ടും വിട്ടുകൊടുക്കാതെ പൊരുതി നോക്കിയ ബെൽജിയം താരങ്ങൾ. ഒടുവിൽ അനിവാര്യമായ പുറത്താകലിന്റെ സങ്കടവുമായി റോബർട്ടോ മാർട്ടിനസിന്റെ ശിഷ്യർ.

സെന്റ്പീറ്റേഴ്സ് ബർഗിൽ ഫസ്റ്റ് വിസിലിന് തൊട്ടുപിന്നാലെ ഇരു ടീമുകളും ആക്രമണം അഴിച്ചുവിട്ടു തുടങ്ങിയിരുന്നു. കിക്കോഫിൽ നിന്ന് കിട്ടിയ പന്തുമായി ബെൽജിയൻ ബോക്സിലേക്ക് ഇരച്ചുകയറിയ കൈലിയൻ എംബാപ്പെ മത്സരത്തിന്റെ ചൂടിന്റെ ശരിയായ സൂചന തന്നെയാണ് നൽകിയത്. ഏദൻ ഹസാഡും കെവിൻ ഡി ബ്രുയാനും റൊമേലു ലുക്കാക്കുവും നാസർ ചാഡ്‌ലിയും ചേർന്നാണ് ബെൽജിയത്തിന് വേണ്ടി ആക്രമണങ്ങൾ സംഘടിപ്പിച്ചത്. റാഫേൽ വരാനെയും ഉമിറ്റിറ്റിയും പോൾ പോഗ്ബയും ചേർന്ന് നടത്തിയ പ്രതിരോധ പ്രവർത്തനങ്ങൾക്കൊപ്പം കിടിലൻ സേവുകളുമായി ഗോൾ വലയം കാത്ത ഹ്യൂഗോ ലോറിസും ചേർന്ന് ബെൽജിയത്തിന്റെ കുതിരകളെ തളച്ചിടുകയായിരുന്നു.

നാലാം മിനിട്ടിൽ കെവിൻ ഡി ബ്രുയാൻ നൽകിയ ഒരു സുന്ദരമായ ക്രോസിന് തലവയ്ക്കാൻ ഓടിയെത്തിയ ഫെല്ലെയ്നിക്ക് കഴിയാതെ പോയി. തൊട്ടു പിന്നാലെ പ്രതിരോധം പിളർന്നു കയറിയ ഏദൻ ഹസാഡ് ഒരു കോർണർ സംഘടിപ്പിച്ചതും ആരാലും തൊടാതെ പുറത്തേക്കു പോയി. 15-ാം മിനിട്ടിൽ ഡിബ്രുയാൻ നൽകിയ പാസിൽ നിന്നുള്ള ഹസാഡിന്റെ ഷോട്ട് വലയ്ക്ക് പുറത്തേക്കായിരുന്നു.

ആദ്യ പകുതിയിൽ ഫ്രാൻസിന് ഗോളടിക്കാനുള്ള സുവർണാവസരം ലഭിച്ചത് 34-ാം മിനിട്ടിലായിരുന്നു. ബെൽജിയൻ പ്രതിരോധത്തിനെ ലോഫ്റ്റ് ചെയ്തൊരു എംബാപ്പെയ്ക്ക് നൽകി. എംബാപ്പെയിൽ നിന്ന് ഒളിവർ ജിസറൗഡിന് പന്ത് കിട്ടിയെങ്കിലും ചെൽ സ ി യി ലെ തന്റെ സഹതാരമായ ബെൽജിയൻ ഗോളി കുർട്ടോയ്സിനെ മറികടക്കാൻ ജിറൗഡിന് കഴിഞ്ഞില്ല.

39-ാം മിനിട്ടിൽ കുർട്ടോയ്സിന്റെ കിടിലൻ സേവ് ബെൽജിയത്തിന് രക്ഷയായി. എംബാപ്പെയുടെ ബാക്ക് ഹീൽ പാസുമായി മുന്നേറിയ പെവാർഡിന്റെ ഷോട്ട് കുർട്ടോയസിന്റെ കാലിൽത്തട്ടി പുറത്തേക്ക് പോവുകയായിരുന്നു. ആദ്യ പകുതി അവസാനിക്കുന്നതിന് തൊട്ടുമുമ്പ് ഡിബ്രുയാനിൽ നിന്ന് ലുക്കാക്കുവിന് കിട്ടിയ പന്തും ഫ്രഞ്ച് പ്രതിരോധത്തിൽത്തട്ടിപ്പോവുകയായിരുന്നു.

രണ്ടാം പകുതിയുടെ തുടക്കത്തിൽ ലുക്കാക്കുവിന്റെ ഒരു ഹെഡർ പുറത്തേക്ക് പോയതിന് പിന്നാലെ ഫ്രാൻസിന്റെ ഗോളും വീണു. ഗ്രീസ്മാൻ എടുത്ത ഒരു കോർണറിൽ നിന്നായിരുന്നു. ഗോളിന്റെ പിറവി. ഉയർത്തുവന്ന ക്രോസിന് ഉമിറ്റിറ്റി ഉയർന്നു ചാടി തലവച്ച് പന്ത് വലയിലാക്കി. ഒരു ഗോളിന് ലീഡ് നേടിയതോടെ ഫ്രാൻസ് പ്രതിരോധം അൽപ്പം കൂടി ശക്തമാക്കി. എന്നാൽ ബെൽജിയവും വിട്ടുകൊടുക്കാൻ ഒരുക്കമായിരുന്നില്ല. 81-ാം മിനിട്ടിൽ സമനില പിടിക്കാൻ ബെൽജിയത്തിന് കിട്ടിയ അവസരം ഹ്യൂഗോ ലോറിസിന്റെ സേവിന് മുന്നിൽ നിഷ്ഫലമായി. അവസാനസമയത്ത് കുർട്ടോയ്സിന്റെ ഒരു സേവ് ലീഡ് വർദ്ധിപ്പിക്കാനുള്ള ഫ്രഞ്ച് ശ്രമവും തടുത്തു.

## ഫ്രാൻസിന്റെ ഫൈനലുകൾ

- ഇത് മൂന്നാം തവണയാണ് ഫ്രാൻസ് ലോകകപ്പിന്റെ ഫൈനലിലെത്തുന്നത്.
- 1998ൽ സ്വന്തം നാട്ടിൽ നടന്ന ലോകകപ്പിലാണ് ഫ്രാൻസ് ആദ്യമായി ഫൈനലിലെത്തുന്നതും കിരീടം നേടുന്നതും.
- അന്ന് സെമി ഫൈനലിൽ ക്രൊയേഷ്യയെ 2-1 നാണ് ദിദിയർ ദെഷാംപ്സും സിദാനും തിയറി ഹെൻറിയുമൊക്കെയടങ്ങിയ ഫ്രഞ്ച്പട കീഴടക്കിയത്.
- ഫൈനലിൽ ബ്രസീലിനെ കീഴടക്കി കിരീടം നേടിയത് എതിരില്ലാത്ത മൂന്നു ഗോളുകൾക്ക്. സിദാൻ ഇരട്ട ഗോളടിച്ചപ്പോൾ പെറ്റിറ്റ് ഒരു ഗോൾ നേടി.
- നിലവിലെ ചാമ്പ്യൻമാരായെത്തിയ ഫ്രാൻസ് 2002ൽ ഒരു കളി പോലും ജയിക്കുകയോ ഒരു ഗോൾ പോലും അടിക്കുകയോ ചെയ്യാതെ ആദ്യ റൗണ്ടിൽ പുറത്തായി.
- സെമിയിൽ പോർച്ചുഗലിനെ ഏകഗോളിന് കീഴടക്കി 2006ൽ സിദാന്റെ ഫ്രഞ്ച് പട വീണ്ടും ഫൈനലിലെത്തി.
- ഇറ്റലിക്കെതിരെ ഫൈനലിൽ ഷൂട്ടൗട്ടിൽ തോൽക്കുമ്പോൾ ഏറ്റവും വലിയ സങ്കടം മറ്ററാസിയെ തലകൊണ്ട് നെഞ്ചിൽ ഇടിച്ച് ചുവപ്പുകാർഡ് കണ്ട് പുറത്തായ സിനദിൻ സിദാനായിരുന്നു.


ബെൽജിയത്തിനെതിരെ വിജയഗോൾ നേടിയ സാമുവൽ ഉമിറ്റിറ്റിയുമായി ആഹ്ലാദം പങ്കിടുന്ന സഹതാരങ്ങൾ


തോൽവിയിൽ നിരാശനായി ബെൽജിയം ക്യാപ്ടൻ ഏദൻ ഹസാഡ്

## ബെൽജിയത്തിനെതിരെ ഫ്രാൻസിന്റെ മൂന്നാം ജയം

- ലോകകപ്പിൽ ബെൽജിയത്തിനെ നേരിട്ട മൂന്ന് അവസരങ്ങളിലും ജയിച്ച ടീമാണ് ഫ്രാൻസ്.
- 1938ലെ ലോകകപ്പിന്റെ ആദ്യ റൗണ്ടിൽ 3-1 നായിരുന്നു ഫ്രഞ്ച് വിജയം.
- 1986ലെ ലൂസേഴ്സ് ഫൈനലിൽ 4-2 ന് ജയിക്കാനായി.
- ഇക്കുറി ഉമിറ്റിറ്റിയുടെ ഗോളിൽ ബെൽജിയത്തെ കീഴടക്കി ഫൈനലിൽ.